(ബി) സംസ്ഥാനത്ത് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരായി എത്ര പേർ ജോലിനോക്കുന്നുണ്ടെന്നും ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) തീരദേശത്തെ സുരക്ഷാ സഹായ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന മറൈൻ എൻഫോഴ്സ്മെന്റ് വിംഗിൽ എസ്.ഐ., ഹെഡ്ഗാർഡ്, ഗാർഡ് തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഇപ്പോൾ നടപ്പിലാക്കുന്ന മത്സ്യഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടം സംസ്ഥാനത്തെ എല്ലാ മത്സ്യഗ്രാമങ്ങളിലും നടപ്പിലാക്കിവരുന്നു. ജില്ലാ ഫിഷറീസ് ഓഫീസർമാരുടെ കീഴിൽ വരുന്ന മുഴുവൻ ഫിഷറീസ് ഉദ്യോഗസ്ഥരും പ്രസ്തുത പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരായി 13 പേർ ജോലി നോക്കുന്നുണ്ട്. ഈ തസ്തികയിൽ നിലവിൽ ഫിഷറീസ് വകുപ്പിൽ 13 ഒഴിവുകളുണ്ട്.

(സി) തീരദേശത്തെ സുരക്ഷാ സഹായ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന മറൈൻ എൻഫോഴ്സ്മെന്റ് വിംഗിൽ എസ്.ഐ. തസ്തികയിൽ രണ്ടും, ഹെഡ് ഗാർഡ് തസ്തികയിൽ അഞ്ചും ഗാർഡ് തസ്തികയിൽ നാലും ഒഴിവുകളുണ്ട്.

**മത്സ്യക്കയറ്റുമതിയിൽ നിന്നുമുള്ള വരുമാനം**

104 (5034) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-14 സാമ്പത്തിക വർഷത്തിൽ മത്സ്യക്കയറ്റുമതിയിൽ നിന്നും എത്ര വരുമാനം ഉണ്ടായി എന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

എം.പി.ഇ.ഡി.എ.-യിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുനിന്നും 1.66 ലക്ഷം മെട്രിക് ടൺ മത്സ്യം കയറ്റുമതി ചെയ്യുകയും ആ ഇനത്തിൽ 4706 കോടി രൂപ വരുമാനം ലഭിക്കുകയുമുണ്ടായി.

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി**

105 (5035) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

Page 2 of 3

(എ) ഭവനരഹിതരായ മൽസ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് അർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ് ; ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പു മുഖേന വിവിധ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യ മേഖലയിൽ ഭവനരഹിതരില്ലാത്ത കേരള സൃഷ്ടിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13-ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങളും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകിയ 1600 വീടുകളും ഉൾപ്പെടെ ആകെ 6573 വീടുകൾ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഘട്ടംഘട്ടമായി ഭവന നിർമ്മാണ ധനസഹായം നൽകി കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രത്യേകമായി ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിച്ചിട്ടില്ല. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2011-15 കാലയളവിലേക്ക് ആദ്യഘട്ടത്തിൽ (2011-12) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലെ താഴെപ്പറയുന്ന 32 മത്സ്യഗ്രാമങ്ങളാക്കി വികസിപ്പിച്ചതിൽ 2106 ഭവനങ്ങൾക്ക് 2.50 ലക്ഷം രൂപ നിരക്കിലുമാണ് ധനസഹായം നൽകിയിട്ടുള്ളത്.

| നമ്പർ | ജില്ലയുടെ പേര് | മത്സ്യഗ്രാമം | മത്സ്യഗ്രാമത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | വലിയതുറ | വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് |
| 2 | കൊല്ലം | പുത്തൻതുറ | പുത്തൻതുറ, നീണ്ടകര |
| 3 | ആലപ്പുഴ | തൃക്കുന്നപ്പുഴ | വലിയഴീക്കൽ, തറയിൽ കടവ്, കള്ളിക്കാട് |
| | | ആറാട്ടുപുഴ | ആറാട്ടുപുഴ<br>പതിയാൻകര<br>തൃക്കുന്നപ്പുഴ<br>പല്ലന |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | എറണാകുളം | ചെല്ലാനം | ചെല്ലാനം, മാറാവുകാട്, കണ്ടക്കടവ്, കണ്ണാമാലി, ചെറിയകടവ് |
| 5 | തൃശ്ശൂർ | കൈപ്പമംഗലം പൊയ്യ-ആനാപ്പുഴ | കൈപ്പമംഗലം പൊയ്യ-ആനാപ്പുഴ |
| 6 | മലപ്പുറം | താനൂർ | ചീരാൻ കടപ്പുറം, ഇടക്കടപ്പുറം ഓസ്സാൻകടപ്പുറം, ഇളമൻ കടപ്പുറം, പാണ്ടക്കടപ്പുറം, കോരമൻ കടപ്പുറം, പുതിയ കടപ്പുറം |
| 7 | കോഴിക്കോട് | മാറാട് | മാറാട്, ബേപ്പൂർ |
| 8 | കണ്ണൂർ | അഴീക്കോട് | അഴീക്കോട് |
| 9 | കാസർഗോഡ് | അജാനൂർ | അജാനൂർ |

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളുംവഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽനിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട്(എൻ.എഫ്.ഡബ്ല്യു.എഫ്) ഉപയോഗിച്ചുള്ള ഭവന പദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും, തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ. മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ജില്ലാതല ബെനിഫിഷ്യറി/മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന രഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

106 (5036) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ ആനുകൂല്യങ്ങൾ പരിഗണിക്കുന്നതിന് എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly